കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone : Office : 0487-2332134, 2332548
Secretary : 0487-2327427
Fax : 0487-2332548
e-mail : ksnakademi@gmail.com
Website : www.keralasangeethanatakaakademi.in

പത്രകുറിപ്പ്

## കേരള സംഗീത നാടക അക്കാദമിയുടെ 2021 ലെ ഫെലോഷിപ്പ്, അവാർഡ്,ഗുരുപൂജപുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

കേരള സംഗീത നാടക അക്കാദമി 2021 ലെ ഫെലോഷിപ്പ്,അവാർഡ്,ഗുരുപൂജപുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. അക്കാദമിയുടെ പരിധിയിൽ വരുന്ന വിവിധ കലാരംഗങ്ങളിൽ അതുല്യമായ സംഭാവനങ്ങൾ നല്കിയ മൂന്ന് പേരെ ഫെലോഷിപ്പിനും 17 പേരെ അവാർഡിനും 23 പേരെ ഗുരുപൂജപുരസ്കാരത്തിനും തെരഞ്ഞെടുത്തു. ഫെലോഷിപ്പ് കരസ്ഥമാക്കിയവർക്ക് പ്രശസ്തി പത്രവും ഫലകവും 50,000 രൂപയും അവാർഡ്,ഗുരുപൂജ പുരസ്കാര ജേതാക്കൾക്ക് പ്രശസ്തി പത്രവും ഫലകവും 30,000 രൂപയും ലഭിക്കും.

### കരിവെള്ളൂർ മുരളിയ്ക്കും വി.ഹർഷകുമാറിനും മാവേലിക്കര പി സുബ്രഹ്മണ്യത്തിനും ഫെലോഷിപ്പ്

1 കരിവെള്ളൂർ മുരളി (നാടകം)

2 വി.ഹർഷകുമാർ (കഥാപ്രസംഗം)

3 മാവേലിക്കര പി.സുബ്രഹ്മണ്യം (സംഗീതം)

### കരിവെള്ളൂർ മുരളി

.ചെറുപ്രായത്തിൽ തന്നെ കലാരംഗത്ത് അരങ്ങേറ്റം കുറിച്ച കരിവെള്ളൂർ മുരളി നാടകകൃത്ത്,കവി,ഗാനരചയിതാവ്,പ്രഭാഷകൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രതിഭയാണ്.പത്താം വയസ്സിൽ കെ.കെ ഇയ്യക്കാട് രചനയും സംവിധാനവും നിർവഹിച്ച സ്മാരകം എന്ന നാടകത്തിൽ ബാലനടനായി അഭിനയിച്ചുകൊണ്ടായിരുന്നു അദ്ദേഹം കലാരംഗത്തേക്ക് പ്രവേശിച്ചത്.തുടർന്ന് നിരവധി നാടകങ്ങളിൽ വ്യത്യസ്ത കഥാപാത്രങ്ങൾക്ക് ജീവൻ നല്കി.40 വർഷമായി ആകാശവാണി നാടകങ്ങളിൽ ശബ്ദം നൽകി വരുന്നു.ജനകീയ നാടക പ്രസ്ഥാനമായ കണ്ണൂർ സംഘചേതന സ്ഥാപിച്ചതിലും വളർത്തിയെടുത്തതിലും നിർണ്ണായ പങ്ക് വഹിച്ചു.1987 ലും 2016 ലും 2020 ലും ഗാനരചയിതാവിനുള്ള സംസ്ഥാന സർക്കാർ/ സംഗീത നാടക അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.അദ്ദേഹം രചിച്ച പ്രധാന നാടകങ്ങൾ ചെഗുവേര,കുരുതിപ്പാടം ,അബൂബക്കറിന്റെ ഉമ്മ പറയുന്നു.ക്ലാരക്കുഞ്ഞമ്മ ഓർക്കുന്നു തുടങ്ങിയവയാണ്. അബൂബക്കറിന്റെ ഉമ്മ പറയുന്നു എന്ന ഏകപാത്രനാടകം 2802 വേദികൾ പിന്നിട്ട് ലോക റിക്കാർഡ് നേടിയിരുന്നു.കരിവെള്ളൂർ സ്വദേശിയായ അദ്ദേഹം 10 വർഷം കേരള സംഗീത നാടക അക്കാദമി ഭാരവാഹിയായും പ്രവർത്തിച്ചിട്ടുണ്ട്.

## വി.ഹർഷകുമാർ

കേരളത്തിലെ കഥാപ്രസംഗകലയുടെ ശബ്ദമാണ് വി.ഹർഷകുമാർ. പന്ത്രണ്ടാം വയസ്സിൽ ഈ രംഗത്തേക്ക് പ്രവേശിച്ച അദ്ദേഹം കൊല്ലം സ്വദേശിയാണ്.61 വർഷമായി ഈ മേഖലയിൽ നിറഞ്ഞു നിൽക്കുന്ന വ്യക്തിത്വമാണ്.സംസ്ഥാന സർക്കാർ നടത്തുന്ന കഥാപ്രസംഗ ഇൻസ്റ്റിട്യൂട്ടിലെ വിസിറ്റിങ് പ്രൊഫസർ ആയും പ്രവർത്തിക്കുന്നു.1987 ലെ കേരള സംഗീത നാടക അക്കാദമി അവാർഡ് അടക്കം നിരവധി പുരസ്കാരങ്ങൾ അദ്ദേഹം കരസ്ഥമാക്കിയിട്ടുണ്ട്.

## മാവേലിക്കര പി സുബ്രഹ്മണ്യം

മാവേലിക്കര പി സുബ്രഹ്മണ്യം ഏഴാം വയസ്സിൽ മാതാപിതാക്കളിൽ നിന്നുമാണ് കർണ്ണാടക സംഗീതത്തിന്റെ ബാലപാഠങ്ങൾ സ്വായത്തമാക്കിയത്.ഏറണാകുളം തൃപ്പൂണിത്തുറ സ്വദേശിയായ അദ്ദേഹം ചെറിയ പ്രായത്തിൽ തന്നെ കച്ചേരികൾ നടത്തിയിട്ടുണ്ട്.തിരുവനന്തപുരം ശ്രീ സ്വാതി തിരുന്നാൾ കോളേജിൽ നിന്നും ഗാനഭൂഷണം ഫസ്റ്റ് ക്ലാസോടെയും ഗാനപ്രവീണ ഒന്നാം റാങ്കോടും പാസ്സായി.കേരളത്തിലും ഇന്ത്യയിലുമായി നിരവധി വേദികളിൽ പരിപാടി അവതരിപ്പിച്ചിട്ടുണ്ട്.2015 ലെ കേരള സംഗീത നാടക അക്കാദമിയുടെ അവാർഡ് അടക്കം നിരവധി പുരസ്കാരം നേടിയിട്ടുണ്ട്.

താഴെപ്പറയുന്നവർക്ക് 2021 ലെ സംഗീത നാടക അക്കാദമി അവാർഡ് നൽകുവാൻ തീരുമാനിച്ചു.

| | | |
|---|---|---|
| 1. | കെ.പി.എ.സി.മംഗളൻ | - നാടകം (അഭിനയം) |
| 2. | മണിയപ്പൻ ആറന്മുള | - നാടകം (രചന, സംവിധാനം) |
| 3. | ബാബു പള്ളാശ്ശേരി | - നാടകം (രചന, സംവിധാനം, അഭിനയം) |
| 4. | എ.എൻ.മുരുകൻ | - നാടകം (അഭിനയം) |
| 5. | രാജ്മോഹൻ നീലേശ്വരം | - നാടകം (രചന, സംവിധാനം) |
| 6. | സുധി നിരീക്ഷ | - നാടകം (നടി, സംവിധാനം) |
| 7. | ആർ.എൽ.വി.രാമകൃഷ്ണൻ | - മോഹിനിയാട്ടം |
| 8. | കലാമണ്ഡലം സത്യവ്രതൻ | - കേരളനടനം |
| 9. | ഗീത പത്മകുമാർ | - കുച്ചിപ്പുടി |
| 10. | പി.സി.ചന്ദ്രബോസ് | - ഉപകരണ സംഗീതം |
| 11. | പെരിങ്ങോട് സുബ്രഹ്മണ്യൻ | - ഇടയ്ക്ക |
| 12. | പഴുവിൽ രഘുമാരാർ | - മേളം |
| 13. | വഞ്ചിയൂർ പ്രവീൺകുമാർ | - കഥാപ്രസംഗം |
| 14. | കൊല്ലം വി.സജികുമാർ | - വായ്പാട്ട് |
| 15. | താമരക്കുടി രാജശേഖരൻ | - മുഖർശംഖ് |
| 16. | എൻ.പി.പ്രഭാകരൻ | - സംഗീതം |
| 17. | മഞ്ജു മേനോൻ | - ലളിതഗാനം |

താഴെപ്പറയുന്നവർക്ക് 2021 ലെ സംഗീത നാടക അക്കാദമി ഗുരുപൂജ നൽകുവാൻ തീരുമാനിച്ചു.

| | | |
|---|---|---|
| 1. | കലാനിലയം ഭാസ്കരൻനായർ | - നാടകം |
| 2. | സി.വി.ദേവ് | - നാടകം |
| 3. | മഹാശയൻ | - നാടകം |
| 4. | ജോർജ്ജ് കണക്കശ്ശേരി | - നാടകം |
| 5. | ചന്ദ്രശേഖരൻ തിക്കോടി | - നാടകം |
| 6. | കബീർദാസ് | - നാടകം |
| 7. | നമശിവായൻ | - നാടകം |
| 8. | സൗദാമിനി | - നാടകം |
| 9. | കുമ്പളം വക്കച്ചൻ | - നാടകം |
| 10. | അലിയാർ പുന്നപ്ര | - നാടകം |
| 11. | മുഹമ്മദ് പേരാമ്പ്ര | - നാടകം |
| 12. | ആലപ്പി രമണൻ | - കഥാപ്രസംഗം |
| 13. | സുകു ഇടമറ്റം (വി.എ.സുകുമാരൻ നായർ) | - ചമയം |
| 14. | ഗിരിജ ബാലകൃഷ്ണൻ | - സോപാന സംഗീതം |
| 15. | മണിയൻപറമ്പിൽ മണിനായർ (മണി ചേർപ്പ്) | - ഇലത്താളം |
| 16. | ജോയ് സാക്സ് | -ക്ലാരനറ്റ്, സാക്സഫോൺ |
| 17. | പപ്പൻ നെല്ലിക്കോട് | - നാടകം |
| 18 | മാർഗ്ഗി വിജയകുമാർ | - കഥകളി |
| 19 | പഴുവിൽ ഗോപിനാഥ് | - ഓട്ടൻതുള്ളൽ |
| 20 | പത്മനാഭൻ കോഴിക്കോട് (പപ്പൻ) | - ഉപകരണസംഗീതം |
| 21 | പങ്കജാക്ഷൻ കൊല്ലം | - വായ്പാട്ട് |
| 22 | ടി.കെ.ഡി. മുഴപ്പിലങ്ങാട് | - നാടകം |
| 23 | കലാമണ്ഡലം സുകുമാരൻ | - കഥകളി |

തൃശ്ശൂർ പ്രസ്സ് ക്ലബിൽ നടന്ന പത്രസമ്മേളനത്തിൽ കേരള സംഗീത നാടക അക്കാദമി വൈസ്ചെയർമാൻ സേവ്യർ പുൽപ്പാട്ട് ,അക്കാദമി നിർവ്വാഹക സമിതി അംഗങ്ങളായ വി.ടി മുരളി,വിദ്യാധരൻ മാസ്റ്റർ,അക്കാദമി പ്രോഗ്രാം ഓഫീസർ വി.കെ അനിൽകുമാർ എന്നിവർ സംബന്ധിച്ചു.

ജനാർദ്ദനൻ കെ
സെക്രട്ടറി